അനധികൃതമായി ആറ്റുമണൽ ഖനനം ചെയ്യുന്നവർക്കെതിരെ കേസ്

29 (5938) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനധികൃതമായി ആറ്റുമണൽ ഖനനം ചെയ്യുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എത്രകിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ജില്ല തിരിച്ചുള്ള കേസ്സിന്റെ കണക്കുകൾ വെളിപ്പെടുത്താമോ ;

(സി) ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് ഇവർക്കെതിരെ കേസ് എടുക്കുന്നത് ;

(ഡി) വിവിധ പോലീസ് സ്റ്റേഷനുകളിൽ വ്യത്യസ്ത വകുപ്പുകൾ അനുസരിച്ച് കേസ്സെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 16497 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കേസ്സിന്റെ കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) Kerala protection of River bank and Regulation of Removal of Sand Mining Act 2001- ലെ സെക്ഷൻ 12(1), 12 (2) (b), 17 (4) (1) 17 (A), 17 (d), 20, 21, 23, Mining and Mineral Development Act-1957- ലെ സെക്ഷൻ 4 (1), 21 (1), 4 (11), 58(1) IPC 188, 379 എന്നീ വകുപ്പുകൾ അനുസരിച്ചാണ് കേസ്സുകൾ എടുക്കുന്നത്.

(ഡി) ചെയ്ത കുറ്റങ്ങൾക്കനുസരിച്ച് മേൽവിവരിച്ച ആക്ടുകളിലെ അനുയോജ്യമായ വ്യവസ്ത വകുപ്പുകൾ പ്രകാരം കേസ്സെടുക്കാറുണ്ട്. കൂടുതൽ ഫലപ്രദമാകാനാണ് അപ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത്.

തൃക്കരിപ്പൂർ കേന്ദ്രീകരിച്ച് തീരദേശ പോലീസ് സ്റ്റേഷൻ

30 (5939) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ കേന്ദ്രീകരിച്ച് തീരദേശ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കേന്ദ്ര സർക്കാർ ഒന്നാം ഘട്ടത്തിൽ അംഗീകാരം നൽകിയ 8 തീരദേശ പോലീസ് സ്റ്റേഷനുകളിൽ തൃക്കരിപ്പൂർ ഉൾപ്പെടുന്നില്ല. രണ്ടാം ഘട്ടത്തിലേക്ക് 10 പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്. ഇതിൽ തൃക്കരിപ്പൂരും ഉൾപ്പെടുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ഇക്കാര്യത്തിൽ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

തളങ്കര തീരദേശ പോലീസ് സ്റ്റേഷന്റെ നിർമ്മാണം

31 (5940) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളങ്കര തീരദേശ പോലീസ് സ്റ്റേഷന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തളങ്കര തീരദേശ പോലീസ് സ്റ്റേഷനുവേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(ബി) കെട്ടിടം പണി പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

ചാലക്കുടി പോലീസ് സ്റ്റേഷനിൽ കമ്മ്യൂണിറ്റി പോലീസിങ്ങ്

32 (5941) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി പോലീസ് സ്റ്റേഷനിൽ കമ്മ്യൂണിറ്റി പോലീസിങ്ങ് പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഈ പദ്ധതി എന്നുമുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

വടകര പോലീസ് സ്റ്റേഷന് സ്ഥലം അനുവദിക്കാൻ നടപടി

33 (5942) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര പോലീസ് സ്റ്റേഷൻ സ്ഥല പരിമിതിയിൽപ്പെട്ട് പ്രയാസപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly